9 -ാം വർഷം
2026
ഒക്ടോബർ 11, 2026
മൂശ ഒന്നാം ഞായർ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

അന്ത്യവിധി

പുറ 20:18-21, ഹെബ്രാ 10:19-25, മത്താ 25:31-46

കാലത്തിലൂടെ മിശിഹായുടെ മഹത്വപൂർണ്ണമായ രണ്ടാം വരവിനായി ഒരുങ്ങാനും, ജീവിതാവസാനത്തെ കുറിച്ച് ചിന്തിക്കാനുമാണ് സഭ നമ്മെ ഓർമ്മപ്പെടുത്തുന്നത്. പുറപ്പാടിന്റെ പുസ്തകത്തിലെ ആദ്യ വായനയിൽ നമ്മൾ കേൾക്കുന്നുണ്ട് , ഇടിമുഴക്കത്തിന്റെയും കാഹളധ്വനിയുടെയും മിന്നൽപിണറിന്റെയും അകമ്പടിയോടെ എത്തുന്ന അത്യുന്നതന്റെ സാന്നിധ്യം, ജനങ്ങളെ ഭീതിയിലാഴ്ത്തുന്നു. അവർ മോശയോട് പറയുന്നു, 'ദൈവം ഞങ്ങളോട് സംസാരിക്കാൻ ഇടയാകാതിരിക്കട്ടെ. അവിടുന്ന് സംസാരിച്ചാൽ ഞങ്ങൾ മരിച്ചു പോവും.' അത്യുന്നത മഹത്വത്തിന്റെ നേരനുഭവം ലഭിച്ചതിന്റെ വിറയൽ മാറാത്ത മോശക്ക് അവർ പറയുന്നത് അതേ ആഴത്തിൽ പിടികിട്ടുന്നു. മിശിഹായുടെ ബലിയിലൂടെ വിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കുവാൻ കൈവന്ന മനോധൈര്യത്തെയും, നവീനവും സജീവവുമായ പുതിയ ജീവിതത്തെയും കുറിച്ചാണ് തുടർന്നുള്ള വായനയിലും നാം കേട്ടത്.

ദൈവസ്നേഹം എന്ന കൊല്ലപരീക്ഷയുടെ പ്രാക്ടിക്കൽ എക്സാം റിസൽറ്റിന്റെ പ്രഖ്യാപനമാണ് ഇന്നത്തെ സുവിശേഷ ഭാഗമെന്ന് ഒറ്റവാക്കിൽ പറയാം. മനുഷ്യപുത്രൻ തന്റെ സർവ്വ മഹത്വത്തോടും കൂടെ നടത്തുന്ന ഈ വിധിയുടെ മാനദണ്ഡം, കേവല നിയമത്തിന്റെയും ആചാരങ്ങളുടെയും അടിസ്ഥാനത്തിലല്ല. മറിച്ച് ദൈവീക കരുണ അനുനിമിഷം

മരിയ റാൻസം

അനുഭവിക്കുന്ന മനുഷ്യൻ, തന്റെ ചുറ്റുവട്ടത്തുള്ളവരോടും കാരുണ്യം കാണിച്ചോ എന്ന ഒരൊറ്റ മീറ്ററിലാണ് വിധിന്യായം ആരംഭിക്കുന്നത് .

God of small things

തൊട്ടയൽവക്കത്ത് നിന്ന് കുറഞ്ഞത് ദിവസത്തിൽ നാല് തവണയെങ്കിലും എത്തിയിരുന്ന കുഞ്ഞ് കുഞ്ഞ് ആവശ്യങ്ങൾ കുഞ്ഞു ചെറുപ്പത്തിലെ ഓർമ്മയിലുണ്ട്. അരസ്പൂൺ തേയില, അഞ്ചാറ് തീപ്പെട്ടി കൊള്ളി, ഒഴിച്ച് കൂട്ടാന് വറവിടാൻ ലേശം കുഞ്ഞുള്ളി... പട്ടിക ഓരോ പ്രാവശ്യവും ഇങ്ങനെ മാറി മറിഞ്ഞുക്കൊണ്ടിരിക്കും. ഈ അടുക്കളയിലേതും ഇല്ലായ്മയുടെ വറചട്ടി തന്നെ ആയതിനാൽ, മുഖം കറുത്തു തുടങ്ങുമ്പോൾ വെല്ല്യാന്റി പറയും, അങ്ങേ ലോകത്ത് എല്ലാറ്റിനും കണക്ക് എഴുതുന്നുണ്ട് എന്നോർത്ത്, അവര് ചോദിക്കുന്നത് ഇവിടെ ഉണ്ടെങ്കിൽ നല്ല മനസ്സോടെ കൊടുത്ത് വിട്. ഇതിൽ കൂടുതലായി ഒരു ചിന്തയും ഈ വചന ഭാഗത്തോട് ചേർത്ത് വയ്ക്കാനായി മനസ്സിൽ വരുന്നില്ല.

തേജസ്സിന്റെ മഹാ

സിംഹാസനത്തിൽ ഉപവിഷ്ടനാകുന്ന സൃഷ്ടാവ്, തന്റെ സൃഷ്ടിയായ പ്രജകളെ രണ്ടായി വേർതിരിക്കും. ഒരു വിഭാഗത്തിന്റെ പ്രവൃത്തികളിൽ സംപ്രീതനായി തന്റെ സ്വർഗ്ഗ സാമ്രാജ്യത്തിലേക്ക് അവരെ ചേർക്കുകയും മറുഭാഗത്തിനെ നിത്യനാശത്തിലേക്ക് വിട്ടു കളയുകയും ചെയ്യും. സ്വീകരണത്തിനും തിരസ്കരണത്തിനും കാരണമായ പ്രവൃത്തികളെക്കുറി ച്ചാണ്, ഉപ്പും മുളകും, Wi-Fi password ഉം, വല്ലതും കഴിച്ചോ എന്ന കരുതലും, ന്യൂജെൻ ഭാഷയിലെ നീ Okey അല്ലേ എന്ന ചോദ്യവുമൊക്കെ പരിശുദ്ധന്റെ സന്നിധിയിൽ കൃപ കണ്ടെത്താനുള്ള എളുപ്പ വഴികളാണത്രെ.

എപ്പോഴാണിത് സംഭവിച്ചത്?

ഇരുഭാഗമായി വേർതിരിക്കപ്പെട്ട മനുഷ്യരിൽ നിന്നും ഉയരുന്ന ചോദ്യം ഒന്നാണ്. എപ്പോഴായിരുന്നു കര്ത്താവേ നീ ഞങ്ങൾക്ക് മുന്നിലെത്തിയത്! ഫാന്റസി കഥകളി ലേത് പോലെ തോന്നുന്നത്രയും ലഘുവായാണ് പിന്നീടവൻ കാര്യങ്ങൾ പറയുന്നത്. നിന്റെ മുന്നിൽ തന്നെ ഞാനുണ്ടായിരുന്നല്ലോ!
ഞാനും ഞാനുമെന്റാളും മാത്രമെന്ന് ബോർഡ് വച്ചിടത്ത്, രൂപക്കൂട് ഈട്ടിയുടേതാണെങ്കിലും ഞാനുണ്ടാവില്ല സഖേ എന്ന്! കപ്പൂച്ചിൻ മെസ്സിൽ ഇടയ്ക്കെല്ലാം കാണുന്ന ഒരു കാഴ്ചയുണ്ട്. ജീവിതത്തിന്റെ കുരുക്കഴിക്കാനാവാതെ, ബോബിയച്ചന് മുന്നിലിരുന്ന് വിതുമ്പുന്ന മനുഷ്യർ ഉള്ളുകൊണ്ട് അലറികരയുവാണെന്ന് കാണുന്നവർക്ക് കൃത്യമായി പിടികിട്ടും. അച്ചന് ഒരു ഗുണമുണ്ട്. നല്ല കേൾവിക്കാരൻ എന്നതിനപ്പുറം കുരുക്കഴിക്കാനുള്ള ഉപദേശമില്ല, പരിഹാരത്തിന്റെ കുറിപ്പടിയുമില്ല. പകരം തിരയൊന്ന് അടങ്ങിയെന്ന് കാണുമ്പോൾ വായോ, കഴിക്കാം എന്ന് വിളിക്കും. കൂടെയിരുന്ന് കഴിക്കും കഴിപ്പിക്കും. ഗേറ്റിനരികെ വരെ ചെന്ന് യാത്രയാക്കും. നിശ്ചയമായും വരുന്നവരിൽ ഒരുവൻ അവൻ തന്നെയായിരിക്കുമല്ലോ

എളിയവർ

ഈ വചനഭാഗത്തിനൊടുവിൽ ഒരു ചോദ്യം അവശേഷിക്കുന്നു. ആരാണ് എളിയവൻ? ഉത്തരം ലളിതം: ദരിദ്രർ, മാറ്റിനിർത്തപ്പെട്ടവർ, കീഴിൽ ജോലിചെയ്യുന്നവർ, അംഗ പരിമിതർ, സംവരണ പട്ടികയിൽ പേരുള്ളവർ

..... പട്ടിക നീളുന്നു

പട്ടികകളെല്ലാം തിരുത്തപ്പെടുന്ന കാലത്ത്, ഇതിലും മാറ്റമുണ്ടെന്ന് തോന്നുന്നു. ഈ സുവിശേഷ കർത്താവായ ചുങ്കക്കാരൻ മത്തായിയും വയ്യാത്ത കുഞ്ഞുള്ള ഭരണാധികാരിയും ഭ്രമിപ്പിച്ച സൗന്ദര്യമുണ്ടായിരുന്ന പെണ്ണും എളിയവരാണെന്ന് തിരിച്ചറിഞ്ഞവനെ വിശ്വസിക്കാം. ചുറ്റുമുള്ള മനുഷ്യരെല്ലാം തന്നെ ചെറിയവരാണ്. ഒന്ന് കേൾക്കാൻ പോലും ആരുമില്ലാത്ത, ആരോഗ്യമില്ലാത്ത, മനസ്സ് കൊണ്ട് ഒറ്റപ്പെട്ട് പോയ..... പട്ടിക നീളുകയാണ്.

കഴിഞ്ഞ ദിവസം കേട്ട ഒരു ചിന്താശകലത്തിൽ പറഞ്ഞു വയ്ക്കുന്നു: അന്ത്യവിധി മരണാനന്തരം മാത്രം സംഭവിക്കുന്നതാണ് ദാരുണമായ സംഗതി. ആശുപത്രി കിടക്കയിലും റിട്ടയർമെന്റ് ഹോമിലും ജയിലിനകത്തുമെല്ലാം മനസാക്ഷിയുടെ വിധി ലഭിക്കുന്നവർക്ക് കുറച്ചെങ്കിലും പ്രത്യാശിക്കാം. അനുതപിക്കാം, ഉപേക്ഷയാൽ ദുരിതത്തിലായവർ ജീവനോടെ ഉണ്ടെങ്കിൽ മാപ്പും പൊറുതിയും പറയാം.
എളിയവരെ സ്ഥിരമായി കണ്ട് മുട്ടുന്ന ശീലമുള്ളവർക്കും അവരെ തിരിച്ചറിയുന്നവർക്കും സ്തുതിയായിരിക്കട്ടെ.

(ചലച്ചിത്രപ്രവർത്തകയും എഴുത്തുകാരിയുമാണു ലേഖിക)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com